




# ദൈവദാസനായ കനീസിയൂസച്ചൻ

2019 January

Vol: 5 Issue: 1






നവ വൈദികർ ദൈവദാസനായ കനീസിയൂസച്ചന്റെ
കബറിടത്തിങ്കൽ വിശുദ്ധ കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ

# ദിവ്യപൂജയിലെ സജീവമായ ഭാഗഭാഗിത്വം

**ദൈവദാസൻ കനീസിയൂസച്ചൻ**

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവിടത്തെ ഉന്നത സൗഭാഗ്യത്തിന് അവനും ഭാഗഭാക്കാകുന്നതിനുവേണ്ടിയാണ്. ദൈവത്തിന്റെ സൗഭാഗ്യം എന്തിലാണ് അടങ്ങിയിരിക്കുന്നത്? പരിപൂർണ്ണ സംയോജ്യതയുടെ പര്യായമായ ഒരു സാമൂഹ്യ ജീവിതത്തിൽ മൂന്നാളുകൾ; പിതാവും, പുത്രനും പരിശുദ്ധാത്മാവും! ഈ മൂന്നുപേർക്കും എന്നും എന്നേയ്ക്കും, ഒരേ ചിന്താഗതി, ഒരേ ചൈതന്യം, ഒരേ ഇഷ്ടാനിഷ്ടം. ഒരു കുടുംബത്തിൽ അപ്പനും അമ്മയും മകനും, എന്നും എവിടെയും ഒരു ആശയഗതിയും, ഒരു ചൈതന്യവും ഒരേ ഇഷ്ടാനിഷ്ടവുമാണെങ്കിൽ, ആ കുടുംബത്തിലെ സൗഭാഗ്യം ഊഹ്യമാണല്ലോ. കോടാനുകോടി മനുഷ്യർ, നിത്യകാലത്തേയ്ക്ക് പരിശുദ്ധ ത്രിത്വത്തോടുകൂടി ഒരേ ചിന്താഗതിയിലും, ഒരേ ചൈതന്യവും, ഒരേ ഇഷ്ടാനിഷ്ടവുമുള്ള ഏക കുടുംബമായി വിരാജിക്കണം. ഇതാണ് ദൈവത്തിന്റെ പ്ലാൻ.

ഈ പ്ലാൻ പ്രായോഗികമാക്കാൻവേണ്ടി, ദൈവം സൃഷ്ടിച്ച ആദ്യ മനുഷ്യവ്യക്തികളാണ് ആദവും ഹവ്വായും. പറുദീസായിൽ, അവർ, പരിശുദ്ധ ത്രിത്വത്തോടുള്ള പരിപൂർണ്ണ യോജിപ്പിൽ പരമാനന്ദം അനുഭവിച്ചു തുടങ്ങി.

പക്ഷെ, പറുദീസായിൽ കടന്നുപറ്റി ഒരു നരകസർപ്പം – ദൈവത്തിന്റെ പരമശത്രു! അവൻ ആ മനുഷ്യദ്വയത്തോടു പ്രസംഗിച്ചു ഒരു അബദ്ധശാസ്ത്രം. ദൈവത്തിൽനിന്ന് അവരെ അകറ്റുന്ന സംശയത്തിന്റെ വിഷവാതകമായിരുന്നു അത്. ആ വിഷവായു അവർ ശ്വസിച്ചതോടെ, ദൈവത്തെ ദർശിക്കാനും, അവിടത്തെ ഇഷ്ടാനിഷ്ടമറിയാനുമായി സദാ ഉയർന്നിരുന്ന അവരുടെ മിഴികൾ ക്ഷീണിച്ചു. ഇതു താഴ്ന്നുപോയി. വിയോജിപ്പും പിളർപ്പും പൂർത്തിയാക്കുന്ന വിഷക്കനിയും – "ഇതു ഭക്ഷിച്ചാൽ നാം തമ്മിൽ തെറ്റും" എന്ന മുന്നറിയിപ്പും കൊടുത്തിരുന്നു. ഏതൊന്നിനെക്കുറിച്ച് ദൈവം പറഞ്ഞോ, ആ വിഷക്കനി – അവർ പറിച്ചെടുത്ത് ഭക്ഷിച്ചു. അതോടെ, ദൈവത്തിൽനിന്നുള്ള വിയോജിപ്പും വികേന്ദ്രീകരണവും പൂർത്തിയായി. വിഷബാധയേറ്റ അവരുടെ സ്വഭാവം ആകെ വിവർണ്ണമായി. അവരിൽനിന്നു ജനിച്ചവരുടെ പ്രകൃതിവിശേഷമോ? വിയോജിപ്പും വികേന്ദ്രീകരണവും തന്നെ. കായേൻ ആദ്യം ദൈവവുമായി തെറ്റി. പിന്നെ അനുജനായ ആബേലുമായി വിയോജിച്ചു. ഒടുവിൽ ജ്യേഷ്ഠന്റെ കൈകളാൽ അനുജൻ നിഷ്ഠൂരം വധിക്കപ്പെട്ടു. പിന്നീടുള്ള ചരിത്രം ഇതിന്റെ തനിപകർപ്പാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല. ദൈവത്തിൽനിന്നും, തമ്മിൽത്തമ്മിൽനിന്നും ഉള്ള വിയോജിപ്പ്, പിളർപ്പ്, അകൽച്ച, കലഹം, യുദ്ധം എന്നിവയുടെ ഒരു നീണ്ട ചരിത്രം.

കേന്ദ്രം തെറ്റി, അലഞ്ഞുതിരിഞ്ഞ്, അവശരായിത്തീർന്നപ്പോൾ, മനുഷ്യർ കേണപേക്ഷിക്കുവാൻ തുങ്ങി. സാന്ത്വന പ്രകാശനത്തിനായി– മാർഗ്ഗദർശനത്തിനായി. അവരെ മാടിവിളിച്ച്, വീണ്ടും കേന്ദ്രീകരിക്കുന്നതിനുവേണ്ടി ഒരു രക്ഷകനെ അവർക്കയച്ചുകൊടുക്കാമെന്നു കാരുണ്യവാനായ ദൈവം വാഗ്ദാനം ചെയ്തു. ഈ സുവിശേഷം പ്രവാചകന്മാർ വഴി, പരിപടിയായി വിശദീകരിച്ചതിനുശേഷം, കാലത്തിന്റെ തികവിൽ, തന്റെ ഓമൽസുതനെ, തൻകാര്യസാധ്യാർത്ഥം, അവരുടെ മൂത്ത സഹോദരരെന്നവിധം, മനുഷ്യാവതാര മാർഗ്ഗേന ലോകത്തിലേക്കയക്കയച്ചു. അങ്ങനെ "വചനം മാസമായി നമ്മുടെ മദ്ധ്യേ വസിച്ചു". കേന്ദ്രീകരണ ദൗത്യമാണ് അവതീർണ്ണനായ ദൈവസുതനു നിർവ്വഹിക്കാനുള്ളത്. അവിടുത്തെ വാക്കുകൾ അത് സ്പഷ്ടമാക്കി. "പിതാവെ, നീ എന്നിലും ഞാൻ നിന്നിലും എന്നതുപോലെ, അവരും നമ്മിൽ ഒന്നാകണം... അവർ എന്നിലും ഞാൻ നിന്നിലും; ഇങ്ങനെ നാം എല്ലാവരും ഒന്നായിത്തീരണം".

അതിനായി അവിടുന്ന് ഉപയോഗിച്ച മാർഗ്ഗങ്ങൾ പറുദീസായിൽവെച്ച് സർപ്പം ഉപയോഗിച്ചവ തന്നെ. അവ കാഴ്ചയിൽ തുല്യം, പക്ഷെ കാര്യത്തിൽ ഘടകവിരുദ്ധം. വിയോജിപ്പിന്റെയും വികേന്ദ്രീകരണത്തിന്റെയും അബദ്ധശാസ്ത്രത്തിന്റെയും സ്ഥാനത്ത്: കേന്ദ്രീകരണത്തിന്റെയും, യോജിപ്പിന്റെയും, ഏകീകരണത്തിന്റെയും സുവിശേഷം അവിടുന്ന് പ്രസംഗിച്ചു. വിയോജിപ്പിന്റെ വിഷക്കനിയുടെ സ്ഥാനത്ത്: രമ്യതയുടെയും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ബലിവസ്തുവിനെ ദൈവവുമായി മനുഷ്യനെ രമ്യതപ്പെടുത്തുന്നതിനുവേണ്ടി കുരിശാകുന്ന മരത്തിൽ അർപ്പിക്കപ്പെട്ട നിർമ്മല ബലിവസ്തുവിനെ അതെ, സ്വന്തം ശരീരരക്തങ്ങളെ അവിടുന്ന് മനുഷ്യനു ഭക്ഷ്യോപയോഗ്യമായി എടുത്തുനീട്ടി.

> **"രമ്യതയുടെയും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ബലിവസ്തുവിനെ ദൈവവുമായി മനുഷ്യനെ രമ്യതപ്പെടുത്തുന്നതിനുവേണ്ടി കുരിശാകുന്ന മരത്തിൽ അർപ്പിക്കപ്പെട്ട നിർമ്മല ബലിവസ്തുവിനെ അതെ, സ്വന്തം ശരീരരക്തങ്ങളെ അവിടുന്ന് മനുഷ്യനു ഭക്ഷ്യോപയോഗ്യമായി എടുത്തുനീട്ടി."**

സുവിശേഷത്തിന്റെ നീലരശ്മികൾ (Blue Rays) മനുഷ്യസിരകളെ സ്പർശിച്ചതോടെ അവ പൂർവ്വാധികം ശക്തിപ്രാപിച്ചു. തളർന്നു താഴ്ന്നുപോയ കൺമിഴികൾ താനേ ഉയർന്നു; സ്വർഗ്ഗപിതാവിന്റെ ദർശനസുഖം അനുഭവിക്കാൻ, അവിടത്തെ തിരുചിത്തമറിയാൻ.

തുടർച്ച 3-ാം പേജിൽ



“സർവ്വാംഗം വ്യാപിക്കുന്ന ഒരു സഹനമാണ് ഞാൻ ആഗ്രഹിക്കുന്നത്; സഹനം കൂടാതെ വിശുദ്ധിയുടെ പടിവാതിക്കൽപോലും എത്തിചേരാൻ പറ്റില്ല.”

# ദൈവദാസനായ കനീസിയൂസച്ചൻ

## ജനമനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

"അവൻെറ ശരീരസ്പർശമേറ്റ തുവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു." (അപ്പ.19:12)

### വിജയം നൽകുന്നത് കർത്താവാണ്

അന്ന ബേബി, കോട്ടമുറി

ദൈവദാസൻ കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ബുദ്ധിമുട്ടേറിയ വിഷയങ്ങളിൽപ്പോലും ഉന്നത വിജയം നൽകുകയും പത്താം ക്ലാസ് പരീക്ഷയിൽ ഫുൾ എ പ്ലസ് നൽകി അനുഗ്രഹിക്കുകയും ചെയ്തു. ഒരായിരം നന്ദി.

### പിതാവിൽ ആശ്രയിച്ചപ്പോൾ

അനു മരിയ ജോയ്,
മാള, മൂളൻ ഹൗസ് കോട്ടമുറി

കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് നൽകി അനുഗ്രഹിച്ചു. ഒരായിരം നന്ദി.

### ജോലി നൽകി അനുഗ്രഹിച്ചു

ക്രിസ്റ്റീന ജോയ്, മൂലൻ ഹൗസ്

കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി സുഹൃത്തിന് ജോലി ലഭിച്ചതിന് നന്ദിയർപ്പിക്കുന്നു. പിതാവിന്റെ ശക്തിയേറിയ മാധ്യസ്ഥത്തിന് നന്ദിയർപ്പിക്കുന്നു.

### അവർണ്ണനീയമായ ദൈവസ്നേഹം

കാതറിൻ സാജു, പുല്ലൻ ഹൗസ്, തൃശൂർ

എന്റെ പേരക്കുട്ടി കാതറിൻ 94% മാർക്കോടെ CBSE പത്താം ക്ലാസ് പാസ്സായതിന് കനീസിയൂസ് പിതാവിന്റെ മദ്ധ്യാസ്ഥ്യംവഴി പ്രതീക്ഷിച്ചതിലും കൂടുതൽ മാർക്ക് ലഭിക്കുകയും വളരെ ആത്മാർത്ഥമായി പഠിക്കുവാൻ സാധിക്കുകയും ചെയ്തു. ഒരായിരം നന്ദി.

### ദൈവദാസന്റെ മദ്ധ്യസ്ഥശക്തി

വിനിക്സ്, പുന്നേലിപറമ്പിൽ ഹൗസ്

എന്റെ സഹോദരൻ അബുദാബിയിൽ ഒരു സൂപ്പർമാർക്കറ്റ് എടുത്തു. ലൈസൻസിനായി പലവട്ടം അധികാരികളെ സമീപിച്ചിട്ടും ലഭിച്ചില്ല. കനീസിയൂസ് പിതാവിന്റെ മാദ്ധ്യസ്ഥം വഴി ലൈസൻസ് ലഭിക്കുകയും നല്ല ബിസ്സിനസ് ലഭിക്കുകയും ചെയ്യുന്നു. ഒരായിരം നന്ദി.

### ജീവിതപാത കാട്ടിത്തന്ന കനീസിയൂസച്ചൻ

ഒരു വിശ്വാസി

വിളിച്ചാൽ വിളി കേൾക്കുന്ന കനീസിയൂസ് പിതാവിനോട് ഏഴ് ആഴ്ച ഇവിടെവന്ന് കൊന്ത ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകന് ഗൾഫിൽ ഒരു ജോലി ലഭിച്ചു ഒരായിരം നന്ദി.

### അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത കനീസിയൂസച്ചൻ

ഒരു വിശ്വാസി

അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത കനീസിയൂസ് പിതാവേ, അങ്ങയുടെ മുമ്പിൽ വന്ന് പ്രാർത്ഥിച്ചതിന്റെയും അപേക്ഷിച്ചതിന്റെയും ഫലമായി മകന് ഒരു ജീവിതപങ്കാളിയെ കിട്ടിയതിന് നന്ദിയർപ്പിക്കുന്നു. വിവാഹത്തിനുശേഷം മകനെയും മരുമകളെയും കബറിടത്തിങ്കൽ കൊണ്ടുവന്ന് പ്രാർത്ഥിക്കുന്നതാണ്. ഇത്രയും വലിയ അനുഗ്രഹം സാധ്യമാക്കിയ കനീസിയൂസ് പിതാവിന് ഒരിക്കൽകൂടി നന്ദിയർപ്പിക്കുന്നു.

### കുടുംബസമാധാനം നൽകിയ ദൈവദാസൻ

ഷീല സ്റ്റീഫൻ, അഴിക്കോട്

ഏക മകനും ഭാര്യയും രണ്ട് കുട്ടികളും ഒരു നിസ്സാര കാര്യത്തിന് വഴക്കിട്ട് വീട്ടിൽനിന്നിറങ്ങിപ്പോയി. മകനും ഭാര്യയും തിരിച്ചുവരുന്നതിനും വഴക്കുകൾ രമ്യമായി പരിഹരിക്കുന്നതിനുമായി ഞാൻ കനീസിയൂസ് പിതാവിന്റെ മാധ്യസ്ഥ്യം തേടുകയുണ്ടായി. ഈ മാധ്യസ്ഥ്യം വഴി എന്റെ കുടുംബത്തിലെ എല്ലാ വഴക്കുകളും രമ്യമായിത്തന്നെ പരിഹരിക്കപ്പെട്ടു. ഇത്രയും വലിയ അനുഗ്രഹം സാധ്യമാക്കിത്തന്ന കനീസിയൂസ് പിതാവിന് ഒരായിരം നന്ദി.

### കൈപിടിച്ച് നടത്തുന്ന കനീസിയൂസ് പിതാവ്

രമ്യ ഫിലിപ്പ്, പടമ്മാട്ടുമ്മേൽ

എന്റെ മകൾ നടന്നു തുടങ്ങേണ്ട പ്രായം എത്തിയിട്ടും നടക്കാതെവന്നപ്പോൾ ഞാൻ കനീസിയൂസ് പിതാവിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും ഏറ്റവും പെട്ടെന്നുതന്നെ നടന്നുതുടങ്ങുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹം ഈശോയിൽനിന്നും വാങ്ങിത്തന്ന കനീസിയൂസ് പിതാവിന് നന്ദി.

### രോഗസൗഖ്യം നൽകിയനുഗ്രഹിച്ചു

ഗോപിക, കൂടത്തിങ്കൽ ഹൗസ്, മാള

കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ അപ്പച്ചന്റെ രോഗം സുഖമാക്കപ്പെട്ടു. ഒരായിരം നന്ദി.

### അത്ഭുതകരമായ എണ്ണ

സിസിലി ബേബി, കോവാത്തുപറമ്പിൽ

എനിക്ക് ശക്തമായ നട്ടെല്ല് വേദനയും നീരും ആയിരുന്നു. കനീസിയൂസ് അച്ചനോട് മാധ്യസ്ഥ്യം യാചിക്കുകയും അവിടുത്തെ നിലവിളക്കിലെ എണ്ണ പുരട്ടിയതിന്റെയും ഫലമായി എന്റെ വേദന മാറിയതിന് നന്ദിയർപ്പിക്കുന്നു.

### നിലവിളികേട്ട പിതാവ്

എന്റെ കാലിലെ നഖങ്ങൾ പഴുത്തു ഞാനൊത്തിരി വിഷമിക്കുകയായിരുന്നു. കനീസിയൂസ് പിതാവിന്റെ മാദ്ധ്യസ്ഥ്യംവഴി രോഗസൗഖ്യം നൽകിയതിന് നന്ദിയർപ്പിക്കുന്നു.

### അനവധി അനുഗ്രഹങ്ങൾ

സ്വർണ്ണ നിന്റോ, അരിമ്പൂക്കാരൻ

കനീസിയൂസ് അച്ചന് ഒരായിരം നന്ദി. ഞാൻ ഗർഭിണിയായിരുന്ന സമയത്ത് കനീസിയൂസച്ചന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്കു സുഖപ്രസവം ലഭിക്കുകയും ആരോഗ്യമുള്ള പെൺകുഞ്ഞിനെ ലഭിക്കുകയും ചെയ്തു. കൂടാതെ എന്റെ പപ്പായ്ക്ക് വിരമിച്ചതിനുശേഷം അതേ പോസ്റ്റിൽ തന്നെ ജോലി തുടരുവാനും സാധിച്ചതിന് കനീസിയൂസച്ചന് നന്ദിയർപ്പിക്കുന്നു.

### ശക്തിയുള്ള നാമകരണജപം

ലൈസി ജോസ്

സ്നേഹപിതാവായ കനിസിയൂസ് പിതാവിന് ഒരായിരം നന്ദി. എന്റെ മകൾ ഒരു ദിവസം സൈക്കിളിൽ ട്യൂഷന് പോകുന്ന വഴി ഒരു പ്രാണി കടിക്കുകയും അഞ്ച് മിനിറ്റിനുള്ളിൽ ശരീരമാകെ ചുമന്ന് തടിക്കുകയും നീരുവരുകയും ചെയ്തു. ഡോക്ടറെ കാണിച്ച് കുത്തിവെയ്പ്പും മരുന്നും ചെയ്തെങ്കിലും കുറവൊന്നും ഉണ്ടായില്ല. ഈ സമയം കനീസിയൂസ് പിതാവിന്റെ നാമകരണജപം ചൊല്ലുകയും കൃതജ്ഞത എഴുതിയിടാം എന്ന് നേരുകയും ചെയ്തു. അത്ഭുതമെന്ന് പറയട്ടെ. മണിക്കൂറുകൾക്കുള്ളിൽ ചൊറിച്ചിൽ മാറുകയും നീര് കുറയുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹം സാധ്യമാക്കിയ കനീസിയൂസ് പിതാവിനോട് നന്ദിയർപ്പിക്കുന്നു.

### നിസ്സാരനെപ്പോലും ഉപേക്ഷിക്കാത്ത ദൈവദാസൻ

മേരി

കബറിടത്തിലങ്കലത്തെ എണ്ണ പുരട്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി വീട്ടിലെ വളർത്തുമൃഗത്തിന്റെ അസ്വസ്ഥത മാറിയതിന് നന്ദിയർപ്പിക്കുന്നു.

### നന്ദിപറയുവാൻ എനിക്കീ ജീവിതംപോരാ

മെറിൻ ബോബി, തേവര കാട്ടിൽ, കാനഡ

ഗർഭാവസ്ഥയിലെ സ്കാനിംങ്ങ് റിപ്പോർട്ടി

## "ആലിപ്പഴത്തിനായി കൊതിയോടെ കാത്തിരിക്കുന്ന കുട്ടികളെപ്പോലെയാണ് ഞാൻ സഹനം ലഭിക്കുവാനായി കാത്തിരുന്ന് പ്രാർത്ഥിച്ചത്."

ന്റെ ഭാഗമായി കുട്ടിക്ക് വളർച്ചക്കുറവും അംഗവൈകല്യവും മറ്റും ഉണ്ടാകുമെന്ന് ഡോക്ടർ അഭിപ്രായപ്പെട്ടു. വലിയ വേദനയോടെ ഞങ്ങൾ പ്രാർത്ഥിച്ചു. പൂർണ്ണ സൗഖ്യത്തോടെ കുഞ്ഞിനെ ലഭിക്കാനും ലഭിച്ചാൽ കബറിടത്തിൽ കിടത്തി പ്രാർത്ഥിക്കാമെന്ന നേർച്ചയും നേർന്നു. നല്ല ദൈവം പ്രാർത്ഥനകേട്ട് സുഖപ്രസവത്തിലൂടെ പൂർണ്ണ സൗഖ്യമുള്ള കുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം ഈശോയിൽനിന്ന് വാങ്ങിതന്ന കനീസിയൂസ് പിതാവിന് ഒരായിരം നന്ദി.

## വിവാഹം മംഗളകരമായി

ജാൻസി സെബാസ്റ്റ്യൻ, ആമനം ഇത്തിൽ, വെങ്ങൂർ, അങ്കമാലി

ദൈവദാസൻ കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി മകളുടെ വിവാഹം മംഗളകരമായി നടന്നു. കൂടാതെ മകൾക്ക് മെഡിക്കൽ പി.ജി. സീറ്റ് ലഭിക്കുകയും ചെയ്തു. ഒരായിരം നന്ദി.

## വാഗ്ദാനങ്ങളിൽ വിശ്വസ്തൻ

മോളി ജോസ്

എന്റെ മകളുടെ ഭർത്താവിന് വിദേശത്ത് ഒരു ജോലി ലഭിക്കുന്നതിനുവേണ്ടി വളരെയധികം തടസ്സങ്ങൾ നേരിട്ടിരുന്നു. ഈ അവസരത്തിൽ ഞാൻ കനീസിയൂസച്ചന്റെ വ്യാഴാഴ്ചയിലെ ത്രിമുഖ ജപമാലയിൽ പങ്കെടുത്ത് മകന്റെ ജോലിയുടെ നിയോഗംവെച്ച് പ്രാർത്ഥിച്ചു. ഇതിന്റെ ഫലമായി അവന് വിദേശത്ത് ഒരു ജോലി ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹം ഈശോയിൽനിന്ന് വാങ്ങിത്തന്ന കനീസിയൂസച്ചന് ഒരായിരം നന്ദി.

## രോഗസൗഖ്യം നൽകിയ പിതാവ്

എത്സി കളപ്പുരയ്ക്കൽ, കോട്ടമുറി

എന്റെ മകൾക്ക് ശക്തമായ പനി വന്നു. ബ്ലഡ് ടെസ്റ്റ് ചെയ്തപ്പോൾ ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ ഉണ്ടെന്ന് പറഞ്ഞു. അതറിഞ്ഞപ്പോൾ ഞാൻ കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചിരുന്നു. അതിന്റെ ഫലമായി പിന്നീട് ബ്ലഡ് ടെസ്റ്റ് ചെയ്തപ്പോൾ രോഗലക്ഷണങ്ങൾ ഒന്നും ഇല്ലായെന്ന് റിപ്പോർട്ട് കിട്ടി. കനീസിയൂസ് അച്ചന്റെ മദ്ധ്യസ്ഥതയാൽ സൗഖ്യം ലഭിച്ചതിന് നന്ദി പറയുന്നു.

## നന്ദി ചൊല്ലുവാൻ വാക്കുകൾപോരാ

എത്സി ഇട്ട്യാച്ചൻ, കളപ്പുരയ്ക്കൽ, കോട്ടമുറി .

എന്റെ മകന്റെ ഭാര്യ എറണാകുളത്തുനിന്ന് കളമശ്ശേരിയിലേക്കുള്ള യാത്രയിൽ കാറിൽനിന്ന് ബാഗ് എടുക്കുവാൻ മറന്നുപോയി. എല്ലാ റെക്കോർഡുകളും മൊബൈൽ ഫോണും അതിലുണ്ടായിരുന്നു. ഡ്രൈവറെ വിളിച്ചു ചോദിച്ചപ്പോൾ അയാൾക്ക് കിട്ടിയിട്ടില്ലായെന്ന് പറഞ്ഞു. ഞാൻ കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി രണ്ട് ദിവസം കഴിഞ്ഞപ്പോൾ ആ കാർ ഡ്രൈവർതന്ന ഒരു രേഖകളും നഷ്ടപ്പെടാതെ മൊബൈൽ ഫോണും എല്ലാം അവരുടെ വീട്ടിൽ കൊണ്ടുവന്ന് കൊടുത്തു. ഇത് കനീസിയൂസ് അച്ചന്റെ മാധ്യസ്ഥം വഴിയാണെന്ന് വിശ്വസിക്കുന്നു. ഈ അനുഗ്രഹത്തിന് നന്ദി പറയുന്നു.

## പൂർണ്ണമായി അർപ്പിച്ചപ്പോൾ

റോസിലി ജോണി

എന്റെ മകളുടെ കുഞ്ഞിനുവേണ്ടിയാണ് സാക്ഷ്യം എഴുതുന്നത്. അവരുടെ കുടുംബം ലീവിന് വന്ന് തിരിച്ച് വിദേശത്തേക്ക് പോകാൻ തയ്യാറെടുത്ത ദിവസം 3 മണിക്കൂർ മുമ്പ് കുഞ്ഞിന്റെ ശരീരം ആകെ തടിച്ച് പൊന്തിയിരുന്നു. വസ്ത്രം ധരിക്കാൻ പറ്റാത്ത അവസ്ഥയായിരുന്നു. കുഞ്ഞിന്റെ അസ്വസ്ഥതകണ്ട് കനീസിയൂസച്ചന്റെ മാധ്യസ്ഥ്യംതേടി പ്രാർത്ഥിച്ചു. ഒരു പെട്ടി തിരിയും കത്തിക്കാം, സാക്ഷ്യവും എഴുതിയിടാമെന്ന് പ്രാർത്ഥിച്ച് തീരുംമുമ്പേ കുഞ്ഞിന്റെ ശരീരത്തിലെ എല്ലാ ചൊറിച്ചിലും മാറിപ്പോയി. ഇത്രയും വലിയ അത്ഭുതങ്ങൾ നൽകി അനുഗ്രഹിച്ച കനീസിയൂസച്ചന് ആയിരം ആയിരം നന്ദി അർപ്പിക്കുന്നു.

## അത്ഭുതപ്രവർത്തകനായ കനീസിയൂസ് പിതാവ്

റോസിലി ജോണി.

അത്ഭുതപ്രവർത്തകനായ കനീസിയൂസച്ചാ ഞങ്ങളുടെ കുടുംബത്തിന് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി. ആഗസ്റ്റ് 15 -ാം തിയ്യതി പ്രളയത്തിൽ എല്ലായിടത്തും ഞങ്ങളുടെ വീടിന്റെ അടുത്തുള്ള വീടുകളിലും ഞങ്ങളുടെ പറമ്പിലും വെള്ളം നിറഞ്ഞിരുന്നു. അന്നേ ദിവസം ഞങ്ങളുടെ പറമ്പിൽ മുക്കാൽ ഭാഗം വെള്ളം നിറഞ്ഞു. നേരം വെളുക്കാറായപ്പോൾ വീടിന്റെ പടിയുടെ നാല് അടിയും കഴിഞ്ഞാൽ വീട്ടിലേക്ക് വെള്ളം കയറും. എന്നെന്നും ഞങ്ങൾക്ക് അത്ഭുതം നൽകിക്കൊണ്ടിരിക്കുന്ന അച്ചന്റെ മാധ്യസ്ഥ്യംതേടി പ്രാർത്ഥിക്കുകയും സാക്ഷ്യം എഴുതിയിടാമെന്ന് പറഞ്ഞ് ഹന്നാവെള്ളം തെളിച്ച് വിശ്വാസപ്രമാണം, കരുണ കൊന്ത എന്നിവ ചൊല്ലുകയും ചെയ്തതിന്റെ ഫലമായി പിന്നെ ഒട്ടുംതന്നെ വെള്ളം മുന്നോട്ടുവന്നില്ല. കിണറിന്റെ മറുഭാഗത്തുകൂടി വെള്ളം നീങ്ങിപ്പോവുകയും ചെയ്തു. മൂന്ന് മണിക്കൂർകൊണ്ട് പറമ്പിൽനിന്ന് വെള്ളം ഇറങ്ങികൊണ്ടിരുന്നു. ഒരു നാശനഷ്ടങ്ങളും കൂടാതെ ഞങ്ങളെ കാത്ത ദൈവത്തിന് ആയിരം ആയിരം നന്ദി

## മനസൗഖ്യമേകിയ ദൈവദാസൻ

ഒരു വിശ്വാസി, സ്നേഹഗിരി

ദൈവദാസനായ കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകളുടെ മനസ്സിന്റെ വിഷമതകളും അസ്വസ്ഥതകളും മാറികിട്ടുകയും ദൈവവിശ്വാസം വർധിപ്പിക്കുകയും ചെയ്തു. ഇത്ര വലിയ അനുഗ്രഹത്തിന് ഒരായിരം നന്ദിയർപ്പിക്കുന്നു.

തുടർച്ച 1-ാം പേജിൽ നിന്നും

ദൈവദാസൻ കനീസിയൂസച്ചൻ

## ദിവ്യപൂജയിലെ സജീവമായ ഭാഗഭാഗിത്വം

വിഷക്കനിയാൽ വിവർണ്ണമായ മനുഷ്യസ്വഭാവം രമ്യതയുടെ ബലിവസ്തുവിനെ അനുഭവിച്ചു കഴിഞ്ഞപ്പോൾ, ദൈവികമായി മറുരൂപം പ്രാപിച്ചു. ദിവ്യപ്രസാദ ശോഭയാൽ അതും വെട്ടിത്തിളങ്ങി. സമീപസ്ഥരിലേയ്ക്ക് ആ ദിവ്യദീപ്തി പകർന്നുകൊടുത്തു. ഇങ്ങനെ ദൈവവചന ശ്രവണവും ദൈവസുതന്റെ ശരീരമാകുന്ന ഭക്ഷണവും പാനീയവും വഴി മനുഷ്യൻ ദൈവപിതാവിലേക്ക് വീണ്ടും കേന്ദ്രീകരിക്കപ്പെടുകയും മിശിഹായിലേയ്ക്ക് രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം മിശിഹായിലും പ. ത്രിത്വത്തിലും കേന്ദ്രീകരിക്കപ്പെട്ട്, ഏകീകരിക്കപ്പെട്ട് ഒരു കുടുംബം, ഒരു ശരീരം അഥവാ ഒരു ഭവനമായിത്തീർന്നിരിക്കുന്നവരുടെ സമൂഹമാണ് തിരുസഭ. ഇതാണ് മിശിഹായുടെ രഹസ്യം, തിരുസഭയുടെ രഹസ്യം എന്നൊക്കെ അറിയപ്പെടുന്നത്. ഇതാണ് ദൈവജനത്തിന്റെ രക്ഷണീയ ചരിത്രം. ഈ ചരിത്രം മുഴുവൻ സജീവമായി ആവർത്തിക്കപ്പെടുന്ന ആരാധനാക്രമമാണ് ദിവ്യബലി.

കൃതജ്ഞതാബദ്ധരായി ദൈവത്തിന്റെ ജനം ദിനംദിനം ഒന്നിച്ചുകൂടുകയാണ് ദിവ്യബലിയിൽ. ഈ രക്ഷണീയ ചരിത്രം സജീവമായി ആവർത്തിച്ച് ദൈവത്തെ സ്തുതിക്കുവാൻ, - അവിടുത്തോടു നന്ദി പറയുവാൻ - അവിടുത്തെ കുടുംബം ലോകമാകെ വിസ്തൃതമാക്കുന്നതിൽ ദൈവസുതനോടുകൂടി സഹകരിക്കുന്നതിനുള്ള ദിവ്യശക്തി - ദിവ്യദീപ്തി - സംഭരിച്ചു മടങ്ങി, കേന്ദ്രീകരണ ചരിത്രം തുടർന്ന് പൂർത്തിയാക്കുവാൻ.


ഈ കേന്ദ്രീകരണ ചരിത്രം സജീവമായി ആവർത്തിക്കുമ്പോൾ, ഐക്യബോധവും ഐക്യചൈതന്യവും നമ്മിലും പ്രേക്ഷകരിലും പരിപോഷിപ്പിക്കുന്നതായിരിക്കണം നമ്മുടെ ഐക്യപ്രകടനം. വിയോജിപ്പ്, വികേന്ദ്രീകരണം എന്നിവയെല്ലാം സൂചിപ്പിക്കുന്ന സാഹചര്യങ്ങൾ കഴിയുന്നതും ഈ അവസരത്തിൽ നാം വർജ്ജിക്കണം. ഇതാണ് വത്തിക്കാൻ സൂനഹദോസുവഴി തിരുസഭ നമ്മെ ഉത്ബോധിപ്പിക്കുന്നത്.

അങ്ങനെ, ദിവ്യബലിയുടെ സമയത്ത്, പുരോഹിതശ്രേഷ്ഠന്റെ നേതൃത്വത്തിൽ, ഓരോരുത്തരും, അവരവർക്കു നിശ്ചയിക്കപ്പെട്ട ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ട്, എല്ലാവരും ഏകയോഗമായി എന്നുവെച്ചാൽ; പുരുഷന്മാരും, സ്ത്രീകളും, വൈദികരും, അവൈദികരും, വൃദ്ധന്മാരും വൃദ്ധകളും, യുവാക്കന്മാരും, യുവതികളും, ബാലന്മാരും, ബാലികമാരും ഒരുമിച്ച് - ഒരേ ബലിപീഠത്തിൽ ശ്രദ്ധകേന്ദ്രീകരിച്ച്, ഒരേ സ്വരത്തിൽ പ്രാർത്ഥനകൾ ഉരുവിട്ട്, ഏകയോഗമായി കീർത്തനങ്ങൾ ആലപിച്ച്, ഒരേ വായനയിൽനിന്നും ദൈവവചനം ശ്രവിച്ച്, ഒരേ ബലിയിൽനിന്നും ബലിവസ്തുവിനെ ഭക്ഷിച്ച്, ഒരേ കൈകളിൽനിന്നും ആശിർവ്വാദം സ്വീകരിച്ചു മടങ്ങണം.

ഒരേസമയത്ത്, പല ബലിപീഠങ്ങളിൽ, പല പൂജകൾ, പല ഗ്രൂപ്പുകൾക്കായി നടത്തുന്ന സമ്പ്രദായവും, ദിവ്യബലിയുടെ സമയത്ത്, അതേ ദേവാലയത്തിൽ, ചിലർ കുമ്പസാരം, അന്നീദ മുതലായ മറ്റു ദിവ്യകർമ്മാനുഷ്ഠാനങ്ങളിൽ ഏർപ്പെടുന്നതും തന്നിൽത്തന്നെ നിഷിദ്ധമല്ലെങ്കിലും അവ മുൻപറഞ്ഞ ഐക്യബോധത്തേയും ഐക്യചൈതന്യത്തേയും കുറെയൊക്കെ കുറച്ചുകളയും. അതുകൊണ്ട്, ഒരു ദേവാലയത്തിൽ ഒരേസമയത്ത്, ഒരു ദിവ്യപൂജ മാത്രം നടത്തുക, അതിൽ എല്ലാവരും സജീവമായി ഭാഗഭാക്കുകളാക്കുക, ആ സമയത്ത് കുമ്പസാരംപോലും അതേ ദേവാലയത്തിൽ നടത്താതിരിക്കുക ഇതൊക്കെയാണ് ആദർശപരം. ഈ ചൈതന്യത്തിൽ നമ്മുടെ ദേവാലയത്തിലെ ദിവ്യപൂജ ക്രമീകരിക്കുന്നതിനു നമുക്കും പ്ലാനിടേണ്ടതുണ്ട്.

> "ദൈവസുതന്റെ ശരീരമാകുന്ന ഭക്ഷണവും പാനീയവും വഴി മനുഷ്യൻ ദൈവപിതാവിലേക്ക് വീണ്ടും കേന്ദ്രീകരിക്കപ്പെടുകയും മിശിഹായിലേയ്ക്ക് രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം മിശിഹായിലും പ. ത്രിത്വത്തിലും കേന്ദ്രീകരിക്കപ്പെട്ട്, ഏകീകരിക്കപ്പെട്ട് ഒരു കുടുംബം, ഒരു ശരീരം അഥവാ ഒരു ഭവനമായിത്തീർന്നിരിക്കുന്നവരുടെ സമൂഹമാണ് തിരുസഭ.
> **ഇതാണ് മിശിഹായുടെ രഹസ്യം, തിരുസഭയുടെ രഹസ്യം**"

# സ്വർഗീയാനുഭവം നൽകിയ വിശുദ്ധൻ



**ജോസ് ചിറ്റിലപ്പിള്ളി, എറണാകുളം**

കർത്താവിന്റെ സന്നിധിയിൽ മുട്ടുകുത്തി നിർന്നിമേഷനായിക്കാണുന്ന കനീസിയൂസച്ചനെ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. പലപ്പോഴും അരമണിക്കൂർ കൂടി ധ്യാനിക്കുവാൻ ഞാനടങ്ങുന്ന മനുഷ്യർക്ക് സാധിക്കാറില്ല. വീട്ടിലെപ്പോഴും ജപമാലക്ക് മുട്ടുകുത്തിയാണ് ചൊല്ലാറുള്ളത്, മാത്രമല്ല അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കുടുംബാംഗങ്ങളെല്ലാവരും ബൈബിൾ വായിക്കാറുണ്ട്. എന്നോട് ബന്ധപ്പെട്ട എല്ലാ വീട്ടിലും ഈ നിർദ്ദേശം കൊടുത്തു. അവർ പാലിക്കുന്നുണ്ട്. കുർബ്ബാന കണ്ടാലും അച്ചൻ ഒറ്റക്ക് ചെല്ലുന്നതുകാണുമ്പോൾ അതിൽ സംബന്ധിക്കുവാൻ ഞാൻ പോയിട്ടുണ്ട്. അത് ആശ്വാസവുമായിരുന്നു. യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എല്ലാവർക്കും ആശ്വാസം നല്കുന്ന ഒരു ദിവ്യമനുഷ്യൻ. അദ്ദേഹത്തിന് ക്രിസ്തുമസ് കാർഡയക്കാറുണ്ടായിരുന്നു. യാത്രയയപ്പ് സമ്മേളനത്തിൽ പ്രസംഗിക്കാൻ അവസരം കിട്ടിയപ്പോൾ ഞാൻ ഇപ്രകാരം പറഞ്ഞു. "ഒരാൾക്ക് മരിച്ചാലേ സ്വർഗത്തിൽ പോകുവാൻ ഭാഗ്യം ലഭിക്കുകയുള്ളൂ. പക്ഷെ അദ്ദേഹത്തിന്റെ മുറിയിലായിരിക്കുമ്പോൾ നമുക്ക് ലഭിച്ചത് ആ സ്വർഗീയാനുഭവമല്ലേ. അത്രയും വിശുദ്ധിയും ഭക്തിതീക്ഷ്ണതയുമുള്ള പുണ്യപുരുഷനായിരുന്നു അച്ചൻ.

അദ്ദേഹം നല്കിയ ആത്മീയനേതൃത്വം വളരെ അഭിമാനമർഹിക്കുന്നതായിരുന്നു. അച്ചന്റെ സഹായം വളരെ ലഭിച്ചിട്ടുള്ള കുടുംബമാണ് എന്റേത്. വളരെ ചിട്ടയുള്ള അദ്ദേഹമാണ് ചേട്ടന്റെ വിവാഹം നടത്തിയിത്. അൾത്താരശുശ്രൂഷിയായിരുന്ന കാലത്ത്, കാൽകഴുകൽ ശുശ്രൂഷയിൽ ആറ് വർഷം എന്റെ പാദങ്ങൾ അദ്ദേഹം കഴുകിയത് മഹാ അനുഗ്രഹമായിരുന്നു. ജനറാൾ ഹൗസിൽ വച്ച് എത്ര ചെറിയവർ വന്നാലും അവരെ ബഹുമാനിച്ചിരുന്നു. വിശുദ്ധിയോടുകൂടിയാണ് എല്ലാം ചെയ്തിട്ടുള്ളത്. ●

## റവ. ഫാ. കനീഷ്യസ് സി.എം.ഐ എന്റെ കാഴ്ചപ്പാടിൽ –1

**റിട്ട.പ്രൊഫ.സി.വിജിലിയ എസ്.എച്ച്.**
അൽഫോൻസാ ഹോസ്റ്റൽ, മൂവാറ്റുപുഴ

# പരിശുദ്ധാരൂപിയുടെ കയ്യൊപ്പുള്ള വ്യക്തിത്വം

തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ ചരിത്രത്തിൽ വളരെ ശ്രദ്ധേയമായ ഒരു സ്ഥാനം ബ. കനീസിയൂസച്ചനുണ്ട്. 1911–ൽ ജന്മം കൊണ്ട തിരുഹൃദയസന്യാസിനീസമൂഹം രൂപതാടിസ്ഥാനത്തിൽ 3 സഭകളായിട്ടാണ് വളർന്നുകൊണ്ടിരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളുടെ വെളിച്ചത്തിൽ ഈ സഭകളെ സംയോജിപ്പിക്കാനുള്ള ദൗത്യം പരിശുദ്ധ സിംഹാസനം ഏല്പിച്ചത് ബ.കനീസിയൂസ് അച്ചനെയാണ്. അപ്പസ്തോലിക് ഡെലഗേറ്റിന്റെ ദൗത്യം ഏറ്റെടുത്ത് ആർക്കും നൊമ്പരങ്ങളുളവാക്കാതെ 1974 ഓഗസ്റ്റ് 15ന് സംയോജിത സഭയ്ക്ക് രൂപം നൽകി. സംയോജിത സഭയും അതിനുള്ള കേന്ദ്രനേതൃത്വവും ഉണ്ടായതോടെ പ്രമാണ രേഖയും ക്രമാനുഷ്ഠാന വിധികളും പരിഷ്ക്കരിക്കാനുള്ള തീവ്രയത്ന പരിപാടി സമയബന്ധിതമായി ആരംഭിച്ചു. നിയമപരിഷ്ക്കരണവും പുതിയ നിയമങ്ങളുടെ രൂപികരണവും ലക്ഷ്യമാക്കി 1974 ഓഗസ്റ്റ് മുതൽ 1975 വരെയുള്ള ചുരുങ്ങിയ കാലത്തിൽ, പാലാ രൂപതയിലെ കുരുവിനാൽ മഠത്തിൽ ഏതാണ്ട് 150 സമ്മേളനങ്ങൾ നടത്തി. ഈ സമ്മേളനങ്ങളിലെ നേതൃത്വവും മാർഗ്ഗദർശനവും ബ.കനീസിയൂസ് അച്ചനിലായിരുന്നു. പ്രസ്തുത സമ്മേളനങ്ങളിൽ ആദ്യന്തം ഞാൻ സംബന്ധിച്ചിരുന്നു. അങ്ങനെയാണ് അച്ചനെ എനിക്ക് അടുത്ത് അറിയാൻ കഴിഞ്ഞത്. പരിശുദ്ധാരൂപിയുടെ കയ്യൊപ്പുള്ള ഒരു വ്യക്തിത്വം. പ്രാർത്ഥനയിലൂടെയും പരിചിന്തനങ്ങളിലൂടെയും ദൈവസ്വരത്തിന് അദ്ദേഹം കാതോർത്തിരുന്നു. ബലിയർപ്പണ സമയത്തെ ഭക്തിയും ഏകാഗ്രതയും വചനവ്യാഖ്യാനവും വിശ്വാസികളിൽ തീക്ഷ്ണത ഉളവാക്കുന്നവ ആയിരുന്നു.

സമ്മേളനങ്ങളിലെ ചർച്ചകളിൽ ഓരോരുത്തരും പറയുന്നത് വളരെ ശ്രദ്ധയോടെ അദ്ദേഹം കേട്ടിരിക്കും. കേൾക്കുന്ന ആശയങ്ങൾ പേപ്പറിൽ ചെറിയ അക്ഷരങ്ങളിൽ അപ്പോഴപ്പോൾ കുറിച്ചു വയ്ക്കും. അർത്ഥഭേദവും ആശയച്യുതിയും സംഭവിക്കാതെ ദീപ്തമായി എങ്ങനെ വാക്കുകളിൽ പകരുമെന്ന് സിനാക്സിസ് അംഗങ്ങൾ പരാതി പറയുമ്പോൾ അദ്ദേഹം വ്യക്തമായി കുറിച്ചു വച്ചത് വായിക്കും. അതോടെ സങ്കീർണ്ണതകൾ മാറുമായിരുന്നു. ഓരോരുത്തരിലുമുള്ള ചിന്തകളെ പുറത്തുകൊണ്ടു വരാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് ഞങ്ങളുടെ പ്രമാണരേഖാ രൂപീകരണത്തിൽ വലിയ സഹായമായി. തിരുസ്സഭ നിയമങ്ങളും, കാനൻ നിയമങ്ങളും, സീറോ മലബാർ സഭയുടെ പൈതൃകവും സംബന്ധിച്ച് ആഴമായ ഉൾക്കാഴ്ചകൾ അദ്ദേഹത്തിന് ഉണ്ടായിരുന്നതുകൊണ്ട് ഞങ്ങളുടെ പ്രമാണരേഖാ രൂപികരണത്തിന്റെ ഓരോ നീക്കത്തിലും പിഴവുകൾ സംഭവിക്കാതിരിക്കുന്നതിനും വിശ്വസ്തത പുലർത്തുന്നതിനും സിനാക്സിസ് അംഗങ്ങൾക്ക് സാധിച്ചു. സന്യാസത്തിലെ സമൂഹ ജീവിതത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുകൾ അദ്ദേഹം പുലർത്തിയിരുന്നു. കാലഘട്ടത്തിന് അനുസൃതമായ മാറ്റങ്ങൾക്ക് അദ്ദേഹത്തിന്റെ ഹൃദയം എപ്പോഴും തുറന്നിരുന്നു.


വ്യക്തിത്വത്തിലെ ലാളിത്യം, കൃത്യനിഷ്ഠ, അദ്ധ്വാന സന്നദ്ധത, ഉദാരമായ ശ്രവണം. നിരന്തരമായ ദൈവോപാസന ഇതൊക്കെ അദ്ദേഹത്തിന്റെ സവിശേഷതകളായിരുന്നു. തന്റെ മുറിയിലേക്ക് കയറി വരുന്ന ആരെയും കൂപ്പുകൈകളോടെ എഴുന്നേറ്റ് നിന്ന് അദ്ദേഹം സ്വീകരിക്കുമായിരുന്നു. വലിയ വ്യക്തിത്വത്തിലെ നിറഞ്ഞ എളിയഭാവം. ●

### ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ

| | |
|---|---|
| 1914 മെയ് 12 | : ജനനം; ആനന്ദപുരം |
| 1914 മെയ് 12 | : മാമ്മോദീസ; പറപ്പൂക്കര |
| 1927 - 1928 | : നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | : യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | : ആദ്യവ്രതം |
| 1936 - 1942 | : സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസം. 21 | : പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | : ഡി.ഡി.പഠനം; കാൻഡി |
| 1948 - 1952 | : ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 - 1959 | : സെമിനാരി പ്രഫസർ; ബാംഗ്ലൂർ |
| 1960 - 1966 | : റെക്ടർ, ബാംഗ്ലൂർ |
| 1966 - 1972 | : പ്രിയോർ ജനറാൾ, ഏറണാകുളം |
| 1972 - 1975 | : പ്രൊവിൻഷ്യാൾ; തൃശൂർ |
| 1975 - 1978 | : സുപ്പീരിയർ, ആത്മീയഗുരു; ബാംഗ്ലൂർ |
| 1978 - 1981 | : വികാർ ജനറാൾ; എറണാകുളം |
| 1981 - 1996 | : ആത്മീയഗുരു; പരിയാരം |
| 1996 - 1998 | : ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | : മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | : ദൈവദാസ പദവി |

**എല്ലാ വ്യാഴാഴ്ചകളിലും ദൈവദാസനായ കനീസിയൂസ് CMI യുടെ കബറിട ദേവാലയത്തിൽ നടത്തുന്ന പ്രാർത്ഥനകൾ**

06.00 am : ദിവ്യബലി, കബറിടത്തിൽ ഒപ്പീസ്
02.30 pm : ത്രിമുഖ ജപമാല ജനങ്ങളോടൊപ്പം
05.00 pm : സിസ്റ്റേഴ്സിന്റെ പ്രാർത്ഥന
07.00 pm : നവസന്യാസികളുടെയും വൈദികരുടെയും പ്രാർത്ഥന




**The Vice Postulator, Servant of God Fr. Canisius' Cause**
**ST. TERESA'S MONASTERY, KOTTACKAL**
Mala P.O., Kotttamuri, Thrissur - 680 732
Tel: 0480 - 2890225, 2891080, Mob: 9539444156 e-mail : dpanakkal@yahoo.com



ദൈവദാസനായ കനീസിയൂസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കോട്ടക്കൽ ആശ്രമദേവാലയം